## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.337** | **27/02/2017-ൽ മറുപടിക്ക്**

### ഡിപ്പാർട്ട്മെന്റ് ഫോർ ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ രൂപീകരണം

**ചോദ്യം**
ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആയുഷ്, യുനാനി, സിദ്ധ, ഹോമിയോപ്പതി മരുന്നുകൾക്കായി പുതിയ ഡിപ്പാർട്ട്മെന്റ് ഫോർ ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; | (എ) | പരിശോധിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള അലോപ്പതി ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ വഴി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ? | (ബി) | ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ കീഴിൽ 1961-ൽ നിലവിൽ വന്ന സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള മരുന്നുകൾ ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ്.<br><br>ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940/ റൂൾസ് 1945, ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർടൈസ്മെന്റ് ആക്ട്, 1954), കേരള ഡ്രഗ്സ് ആന്റ് അദർ സ്റ്റോർസ് (അൺലോഫുൾ പൊസഷൻ) ആക്ട്, 1971, ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013, കേരള പോയ്സൺ റൂൾസ് 1996, നാർകോട്ടിക് ഡ്രഗ്സ് & സൈകോട്രോപിക് സബ്സ്റ്റൻസസ് റൂൾസ് എന്നീ നിയമങ്ങൾക്കനുസരിച്ചാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പ്രവർത്തിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുന്നുണ്ട്.<br><br>a) അലോപ്പതി, ആയുർവ്വേദ, സിദ്ധ,യുനാനി, ഹോമിയോപ്പതി ഔഷധങ്ങളുടെ നിർമ്മാണ വിപണനത്തിനുള്ള ലൈസൻസുകളും അവയുടെ പുതുക്കൽ ലൈസൻസുകളും. |

| | | | |
|---|---|---|---|
| | | | b) മരുന്ന് സാമ്പിളുകളുടെ ഗുണനിലവാര പരിശോധനകൾ<br>c) അലോപ്പതി, ഹോമിയോപ്പതി ഔഷധങ്ങളുടെ വിൽപ്പന/ വിതരണ ലൈസൻസുകൾ<br>d) ബ്ലഡ് ബാങ്ക്/ ബ്ലഡ് സ്റ്റോറേജ് ലൈസൻസുകൾ<br>e) പോയിസൻ ലൈസൻസുകൾ/ പെർമിറ്റുകൾ<br>f) നാർക്കോട്ടിക് മരുന്നുകളുടെ അലോട്ട്മെന്റ്<br>g) പാലിയേറ്റീവ് സെന്ററുകൾക്കുള്ള മോർഫീൻ മരുന്നുകളുടെ അലോട്ട്മെന്റ്<br>h) മരുന്നു സംബന്ധമായ പരാതികളുടെ അന്വേഷണവും നടപടിയും<br>i) മരുന്നുകൾ സൂക്ഷിക്കുന്ന സ്ഥാപനങ്ങളുടെ പരിശോധന.<br>j) നിയമലംഘനങ്ങളുടെ മേൽ വകുപ്പുതല നിയമ നടപടികൾ |

സെക്ഷൻ ഓഫീസർ